അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
എൽ.ഐ.ഡി & ഇ.ഡബ്ല്യൂ സെക്ഷൻ
തൊടിയൂർ ഗ്രാമ പഞ്ചായത്ത്

നമ്പർ . 125/AE/LID&EW/TDR/TNDR/2026-27 തീയതി : 30.10.2026

വാഹന ക്വട്ടേഷൻ പരസ്യം

തൊടിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന അസി.എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേയ്ക്ക് 2026/27 സാമ്പത്തിക വർഷത്തിലേക്ക് എ.സി കാർ / ജീപ്പ് പ്രതിമാസ വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സരാധിഷ്ഠിത മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം : അസി.എഞ്ചിനീയർ
എൽ.ഐ.ഡി&ഇ.ഡബ്ല്യൂ സെക്ഷൻ, തൊടിയൂർ

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 06.11.2026 ഉച്ചയ്ക്ക് 1:00 മണിവരെ

ക്വട്ടേഷൻ തുറക്കുന്ന സമയം : 06.11.2026 പകൽ 3:00 മണി

വ്യവസ്ഥകൾ

1. ഒരു മാസം 2000 കി.മീ ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
2. താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വെയ്ക്കേണ്ടതാണ്.
3. ഇന്ധനചെലവ് വാഹനത്തിന്റെ അറ്റകുറ്റപണികൾ ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ കാട്ട് ചെയ്യേണ്ടത്.
4. വാഹനത്തിന്റെ ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.
5. ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും
6. വാഹനം മികച്ച പ്രവർത്തന ക്ഷമതയുള്ളതും കുറഞ്ഞത് 5 പേർക്ക് സഞ്ചരിക്കാൻ കഴിയുന്നതും 2017 വർഷത്തിന് ശേഷമുള്ളതുമായിരിക്കണം.
7. കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള PAN ഉണ്ടായിരിക്കേണ്ടതാണ്.
8. ക്വട്ടേഷൻ അംഗീകരിച്ചു ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 3% സെക്യൂരിറ്റി ഡിപ്പോസിറ്റായി ഹാജരാക്കേണ്ടതും കരാർ ലഭിക്കുന്ന തുകയുടെ 1% TDS ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്.
9. വാഹനം ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്

10. അവധി ദിവസങ്ങളിൽ ഉൾപ്പെടെ ഏതു ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
11. കരാർ സമയത്തെ അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.
12. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായ രേഖപ്പെടുത്തേണ്ടതുമാണ്.
13. ഓഫീസിൽ നിന്നും പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരം ആയിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക.
14. ഓഫീസ് ആവശ്യത്തിനായി ഓടുന്ന കാലയളവിൽ ഓഫീസിന്റെ പേര് എഴുതിയ ബോർഡ് വാഹനത്തിൽ സ്ഥാപിക്കേണ്ടതാണ്
15. ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃക ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്
16. കൊട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് "തൊടിയൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ കാര്യലയത്തിലേക്ക് വാഹനം വാടകക്ക് നൽകുന്നതിനുള്ള കൊട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം
17. ക്വട്ടേഷനുമായി ബന്ധപ്പെട്ട് വിശദ വിവരങ്ങൾ പ്രവൃത്തിസമയങ്ങളിൽ ഗ്രാമപഞ്ചായത്താഫീസ്, തൊടിയൂർ എൽ.ഐ.ഡി&ഇ.ഡബ്ല്യൂ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ ആഫീസ് എന്നിവിടങ്ങളിൽ നിന്നോ http://tender.lsgkerala.gov.in എന്ന വെബ് സൈറ്റിൽ നിന്നോ അറിയാവുന്നതാണ്

Jayalekshmi. R

അസി. എഞ്ചിനീയർ
എൽ.ഐ.ഡി&ഇ.ഡബ്ല്യൂ സെക്ഷൻ
തൊടിയൂർ ഗ്രാമപഞ്ചായത്ത്

Thodiyoor Grama Panchayath Kollam
O/o the Assistant Engineer
LID & EW Section

JAYALEKSHMI. R
PEN No. 961157, Assistant Engineer
Local Infrastructure Development & Engineering Wing
Thodiyoor Grama Panchayath, Kollam

ഹ്രസ്വകാല ക്വട്ടേഷൻ നോട്ടീസ്

എൽ.ഐ.ഡി&ഇ.ഡബ്ല്യൂ സെക്ഷൻ, തൊടിയൂർ ഗ്രാമപഞ്ചായത്ത് ഗ്രാമപഞ്ചായത്ത്

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര്	
മേൽവിലാസം	
ഫോൺ നമ്പർ	
വാഹനത്തിന്റെ തരം	
വാഹനത്തിന്റെ മോഡൽ	
വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ	
വാഹനത്തിന്റെ രജിസ്ട്രേഷൻ തീയതി	
ഒരു മാസം 2000 കി.മീ വരെ യാത്രചെയ്യുന്നതിന് ക്വാട്ട് ചെയ്യുന്ന തുക(മാസ വാടക)	

സ്ഥലം

തീയതി

ഒപ്പ്

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര്

മേൽവിലാസം